(iv) ഇസ്‌ലാമിക സാഹിത്യവും ഇസ്‌ലാം പക്ഷ സാഹിത്യവും

പ്രൊഫ. മുഹ്മ്മദ് ഖുത്ബും ഡോ. നജീബ് കീലാനിയും ഇസ്‌ലാമിക സാഹിത്യത്തെ നിർവചിക്കുമ്പോൾ ഒരു കാര്യം ഊന്നിപ്പറയുന്നുണ്ട്. ഇസ്‌ലാമിക വിശ്വാസം ഉൾക്കൊണ്ട മനസ്സിൽനിന്ന് വരുന്നതേ ഇസ്‌ലാമിക സാഹിത്യമാവുകയുള്ളൂ എന്നതാണത്. ഇതിനു വിപരീതമായ വീക്ഷണവും നിലനില്ക്കുന്നു. മുസ്‌ലിംകൾ രചിച്ച എല്ലാ സാഹിത്യങ്ങളെയും ഇസ്‌ലാമിക സാഹിത്യത്തിന്റെ വരുതിയിൽ ഉൾപ്പെടുത്തുന്നതാണ് അതിലൊന്ന്. മുസ്‌ലിം സമൂഹത്തിൽ ജനിച്ചുവളർന്നവരുടെ രചനകളിൽ മുസ്‌ലിം സംസ്കാരത്തിന്റെ ചിഹ്നങ്ങളും പ്രതീകങ്ങളുമൊക്കെ സ്വാഭാവികമായും കാണപ്പെടുമെന്നത് ശരിതന്നെ. എന്നാൽ ഇസ്‌ലാമിന്റെ ലോക വീക്ഷണത്തിലൂന്നി രചിക്കപ്പെട്ടതല്ലെങ്കിൽ അവരുടെ രചനകളെ ഇസ്‌ലാമിക സാഹിത്യമായി ഗണിക്കുവാൻ ഇസ്‌ലാമിക സാഹിത്യത്തിന്റെ വക്താക്കൾ തയ്യാറല്ല. മാർക്സിസം, എക്സിസ്റ്റൻഷ്യലിസം തുടങ്ങിയ പാശ്ചാത്യ ഭൗതിക ദർശനങ്ങൾ പ്രതിഫലിപ്പിക്കുന്ന രചനകൾ മുസ്‌ലിം സാഹിത്യകാരന്മാരുടേതായുണ്ടല്ലോ. ഇത്തരം സാഹിത്യങ്ങളെ എങ്ങനെ ഇസ്‌ലാമിക സാഹിത്യമായി കണക്കാക്കും എന്ന അവരുടെ ചോദ്യം പ്രസക്തമാണ്.

ഇസ്‌ലാമിക വിഷയങ്ങൾ പ്രതിപാദിക്കുന്നതും ഇസ്‌ലാമിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ അമുസ്‌ലിം രചനകളെ ഇസ്‌ലാമിക സാഹിത്യമായി കണക്കാക്കണമെന്നതാണ് മറ്റൊരു വീക്ഷണം. പ്രൊഫ. മുഹ്മ്മദ് ഖുത്ബ് *ഇസ്‌ലാമിക സാഹിത്യസരണി* എന്ന പുസ്തകത്തിൽ ഇസ്‌ലാമിക സാഹിത്യത്തിന് ഉദാഹരണമായി രവീന്ദ്രനാഥ ടാഗോറിന്റെയും ജെ.എം. സ്പിംഗിന്റെയും രചനകളെ എടുത്തുചേർത്തത് ഈ വാദത്തിന് പ്രമാണമായി അവർ ചൂണ്ടിക്കാട്ടുകയും ചെയ്യുന്നു. എന്നാൽ ഇസ്‌ലാമിക സാഹിത്യത്തിന്റെ ഉദാഹരണങ്ങളായിട്ടല്ല; ഇസ്‌ലാമിക സമ്പ്രദായവുമായി അടുത്ത് നില്ക്കുന്ന രചനകൾ എന്ന നിലയ്ക്കാണ് പ്രസ്തുത രചനകൾ താൻ എടുത്തു ചേർക്കുന്നതെന്ന് മുഹ്മ്മദ് ഖുത്ബ് തന്നെ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, ടാഗോറിന്റെയും സ്പിംഗിന്റെയും രചനകൾക്ക് ഇസ്‌ലാമിക സമ്പ്രദായവുമായുള്ള യോജിപ്പിന്റെയും വിയോജിപ്പിന്റെയും വശങ്ങളിലേക്ക് അദ്ദേഹം വിരൽ ചൂണ്ടുന്നുമുണ്ട്. ഈ വിഷയത്തിലുള്ള തന്റെ വീക്ഷണം അർഥശങ്കക്കിടമില്ലാത്ത വിധം അദ്ദേഹം വ്യക്തമാക്കുന്നതിങ്ങനെയാണ്:

''അതിനാൽ മുസ്‌ലിമായ കലാകാരനിൽനിന്ന് ഉണ്ടാകുന്നതേ ഇസ്‌ലാമിക കലയാവുകയുള്ളൂ.... മുസ്‌ലിമായ ഒരാൾക്കു മാത്രമേ ഇസ്‌ലാമിക സങ്കല്പം പൂർണമായി ഉൾക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. ഇസ്‌ലാമിക രീതിയിലും ഇസ്‌ലാമിക വീക്ഷണപ്രകാരവും അല്ലാഹുവിന് ആത്മ സമർപ്പണം നടത്തിയ മനുഷ്യന് മാത്രമേ അത് സാധ്യമാവുകയുള്ളൂ.''(*മൻഹജുൽ ഫന്നിൽ ഇസ്‌ലാമി പേ. 266*)

ഇതേകാര്യം മൗദൂദി മറ്റൊരു വിധത്തിൽ വിശദീകരിച്ചിട്ടുണ്ട്:

''ധാർമിക മൂല്യങ്ങളിലധികവും ലോകത്തിലെ ഏതാണ്ടെല്ലാ മതങ്ങളിലും പൊതുവായി കാണപ്പെടുന്നതാണ് എന്നത് ശരിതന്നെ. എന്നാൽ, ഇസ്‌ലാമിക മൂല്യങ്ങളെ പങ്കുവച്ചതുകൊണ്ടുമാത്രം കാര്യമില്ല. എല്ലാ മതങ്ങളുടെയും പിന്നിൽ ജീവിതത്തെക്കുറിച്ച ഒരു തത്ത്വശാസ്ത്രവും ഒരു അതിഭൗതിക ദർശനവും ഉണ്ടായിരിക്കും. ഉദാഹരണമായി, ഇസ്‌ലാമിലും ബുദ്ധമതത്തിലും ഒരുപാട് കാര്യങ്ങൾ പൊതുവായുണ്ട്. അതുകൊണ്ടുമാത്രം ബുദ്ധമത പശ്ചാത്തലത്തിൽ രചിക്കപ്പെട്ട ഒരു സാഹിത്യത്തെ ഇസ്‌ലാമികമെന്ന് വിശേഷിപ്പിക്കാൻ പറ്റുകയില്ല. ബുദ്ധമതത്തിന്റെ ധാർമിക മൂല്യങ്ങൾക്കു പിന്നിൽ പുനർജന്മ സങ്കല്പമുണ്ട്; പൗരോഹിത്യ ദർശനമുണ്ട്. നമ്മുടെ ധാർമിക മൂല്യങ്ങൾക്ക് പിന്നിലുള്ളത് ഇഹലോകത്തെ പരലോകത്തേക്കുള്ള കൃഷിയിടമായി കണക്കാക്കുന്ന നമ്മുടെ ജീവിത വീക്ഷണമാണ്. ബോധപൂർവമോ അല്ലാതെയോ ഈ സങ്കല്പങ്ങൾ സാഹിത്യത്തിൽ അലിഞ്ഞു ചേരാതിരിക്കില്ല. ഇതാണ് ബുദ്ധ സാഹിത്യത്തിൽനിന്ന് ഇസ്‌ലാമിക സാഹിത്യത്തെ വേർതിരിക്കുന്നത്. ഇപ്രകാരം, പാശ്ചാത്യ ലോകത്തിന്റെ ജീവിത ദർശനവും മുസ്‌ലിംകളുടെ ജീവിത ദർശനവും വ്യത്യസ്തമായതിനാൽ അവരുടെ സാഹിത്യവും നമ്മുടേതിൽനിന്ന് വ്യത്യസ്തമായിരിക്കുക തന്നെ ചെയ്യും''(*ഇസ്‌ലാമി നള്‌രിയ്യ അദബ് പേ. 22*).

ഇസ്‌ലാമിക സാഹിത്യത്തിന്റെ ആധികാരിക വക്താക്കളിൽ പ്രമുഖനായ അബുൽഹ്സൻ അ്ലി നദ്‌വിയുടെ വീക്ഷണത്തിൽ അമുസ്‌ലിം രചനകൾ ഇസ്‌ലാമിക മൂല്യങ്ങൾക്കും തത്ത്വങ്ങൾക്കും വിരുദ്ധമല്ലെങ്കിൽ അവയെ ഉത്തമ സാഹിത്യം എന്ന് വിളിക്കാം. തുർകിയിലെ ***ADEBIYAT ISLAMIC*** എന്ന ജേർണലിന് അനുവദിച്ച ഒരു അഭിമുഖത്തിൽ അദ്ദേഹം ഇപ്രകാരം പറയുകയുണ്ടായി:

ചോ: അമുസ്‌ലിമായ സാഹിത്യകാരൻ ഇസ്‌ലാമിന് വിരുദ്ധമല്ലാത്ത സാഹിത്യം സൃഷ്ടിച്ചാൽ അതിനെ ഇസ്‌ലാമിക സാഹിത്യം എന്നു പറയാമോ?

ഉ: അതിന്റെ അടിസ്ഥാനങ്ങൾ ഉത്കൃഷ്ടവും, അത് പ്രസരിപ്പിക്കുന്ന ചിന്ത മഹിതവുമാണെങ്കിൽ ഉത്തമ സാഹിത്യം എന്ന് അതിനെ വിളിക്കാം.

ചോ: ഇസ്‌ലാമിക സാഹിത്യം എന്ന് അതിനെപ്പറ്റി പറയുമോ?

ഉ: പറയുകയില്ല. ഉത്തമ സാഹിത്യം എന്നു പറയും.

ചോ: ഇസ്‌ലാമിക സാഹിത്യമാകണമെങ്കിൽ സാഹിത്യകാരൻ മുസ്‌ലിം ആകണമെന്നാണോ ഇതിന്റെ അർഥം?

ഉ: തീർച്ചയായും. (ഉദ്ധരണം *അൽബഅ്ഥുൽ ഇസ്‌ലാമി, മാർച്ച്-ഏപ്രിൽ 1982*).

അമുസ്‌ലിംകളുടെ ഇത്തരം രചനകളെ ഇസ്‌ലാംപക്ഷ സാഹിത്യം (അൽഅദബുൽ മുവാഫിഖ്) എന്നു വിളിക്കാമെന്ന് റാബിത്വതുൽ അദബിൽ ഇസ്‌ലാമിയുടെ ഉപാധ്യക്ഷനായ ഡോ. അബ്ദുൽ ഖുദ്ദൂസ് പറയുന്നു. (*Ibid*)